**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിന് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ) | * നവകേരളം കർമ്മ പദ്ധതി II-ൽ ഉൾപ്പെട്ട സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനധനസഹായം അനുവദിക്കുന്നത്.<br><br>* ഭൂരഹിതർക്ക് ഭൂമി അനുവദിച്ചും ലൈഫ് മിഷൻ ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. ഇതിനു പുറമേ ഭൂരഹിതരുടെ പുനരധിവാസത്തിനായുള്ള ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും ലൈഫ് മിഷൻ മുഖേന പുരോഗമിക്കുന്നു.<br><br>* ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി വകുപ്പിന്റെ വിഹിതമായി ഒരു ലക്ഷം രൂപ വീതം നൽകുന്നു. ആയതിലേക്ക് നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 300 കോടി രൂപയിൽ 99 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ പദ്ധതി വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും 278 കോടി രൂപയും പട്ടിക വർഗ വകുപ്പിൽ നിന്ന് 140കോടി രൂപയും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്<br><br>* ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>* വിവിധ പദ്ധതികളിലൂടെ ഭവന നിർമ്മാണ സഹായം ലഭിച്ചിട്ടും ഭവന പൂർത്തീകരണം നടത്തിയിട്ടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഒന്നരലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | * ആദിവാസി പുനരധിവാസ മിഷൻ മുഖേനയും പട്ടികവർഗ വിഭാഗത്തിന് വീട് അനുവദിക്കുന്നുണ്ട്.<br><br>* അർഹരായ പട്ടികവർഗ വിഭാഗങ്ങൾക്ക് ഒന്നരലക്ഷം രൂപ വരെ ഭവന പുനരുദ്ധാരണ ധനസഹായവും അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ